FRIDAY 08.09.2023 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–08/09/2023.

1. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചപുൽച്ചാടികളായി കൃഷിയിടത്തിൽ കളിച്ചുല്ലസിക്കാൻ ഒരു ദിനം തൃശ്ശൂർ, വെള്ളാനിക്കര കേരള കാർഷിക സർവകലാശാല കൃഷി വിജ്ഞാനകേന്ദ്രം (കെ വി കെ) ഒരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ ഗ്രാമശ്രീ, കരിങ്കോഴി എന്നീ ഇനങ്ങളിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളുടെ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാധ്യമം.

താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്‌റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2023 ഒക്ടോബർ 3. കോഴ്സ് ആരംഭിക്കുന്നത് 2023 ഒക്ടോബർ 4. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2370051.

5. കൊല്ലം ജില്ലാ ടർക്കി ഫാമിൽ ടർക്കി കോഴികൾ വില്പനയ്ക്ക് ലഭ്യമാണ്. മൂന്ന് മാസം പ്രായമായവയ്ക്ക് 250 രൂപ, 4 മാസം പ്രായമായവയ്ക്ക് 350 രൂപ എന്നീ നിരക്കിലാണ് വിൽപ്പന. മൂന്ന് നാല് മാസമായവെ ഇറച്ചിക്കായും ഉപയോഗിക്കാം. 10 രൂപ നിരക്കിൽ മുട്ടയും ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് 0474 2799222.

**പരിശീലന പരിപാടി**

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 28 29 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12 മുതൽ 16 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ "ശാസ്ത്രീയമായ പശു പരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ സെപ്റ്റംബർ 11ന് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനകം പരിശീലനത്തിൽ പങ്കെടുത്തവരെ പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ ഒറിജിനലും ആയതിന്റെ പകർപ്പും കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, **0471 2440911** എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റെയിൻഗാർഡിങ്ങിൽ 2023 സെപ്റ്റംബർ 12 -ന് പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് നടക്കുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 94447710405 എന്ന ഫോൺ നമ്പരിലോ 0481 2351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

9. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് സെപ്തംബർ 12 മുതൽ 16 വരെയുള്ള 5 ദിവസങ്ങളിലായി ക്ഷീര കർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള ക്ഷീര കർഷകർക്ക് ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. താത്പര്യമുള്ള ക്ഷീര കർഷകർ ഈ മാസം 8 ന് (08.09.2023) വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476- 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ടി.എ യും ഡി.എ യും ഉണ്ടായിരിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം